# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

01.07.2019 ൽ മറുപടിക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 5382**

### കിറ്റ്കോയെ സ്വകാര്യ ഏജൻസി ഏറ്റെടുക്കാനുള്ള സിഡ്ബിയുടെ തീരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേരളത്തിലെ ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷനായ കിറ്റ്കോയെ സ്വകാര്യ ഏജൻസി ഏറ്റെടുക്കുന്നതിന് സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | SIDBI, കിറ്റ്കോയുടെ ഓഹരികൾ വിൽക്കുന്നതിനായി ടെണ്ടർ നടപടികൾ എടുത്തിരുന്നു. തുടർനടപടികൾ താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണ്. |
| (ബി) | ഏതെല്ലാം മേഖലകളിൽ കിറ്റ്കോയ്ക്ക് നിലവിൽ സർക്കാർ പ്രോജക്ടുകൾ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | പ്രധാനമായും ഹെൽത്ത്, പട്ടിക വർഗ്ഗ വികസനം, KIIFB ഫണ്ടിംഗ് ഉള്ള കായിക മേഖലയിലെ പ്രോജക്ടുകൾ, DIC യുടെ വിവിധ കരാറുകൾ എന്നിവ കിറ്റ്കോയ്ക്ക് നല്കിയിട്ടുണ്ട്. |
| (സി) | ഓരോ മേഖലയിലും എത്ര രൂപയുടെ കരാറുകൾ നിലവിൽ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; | (സി) | **മേഖല** — **നിലവിൽ ഉള്ള കരാർ തുക (ഫീസ്) (Rs. in Crore)**<br>ഹെൽത്ത് — 17.40<br>പട്ടിക വർഗ്ഗ വികസനം — 3.09<br>KIIFB ഫണ്ടിംഗ് ഉള്ള കായിക മേഖലയിലെ പ്രോജക്ടുകൾ — 18.00<br>DIC — 0.58 |
| (ഡി) | സിഡ്ബിയുടെ തീരുമാനം നടപ്പാക്കുന്ന പക്ഷം പ്രസ്തുത കരാറുകളുടെ ഭാവി സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇപ്പോൾ ഉള്ളതു പോലെ തന്നെ തുടർന്നും പദ്ധതികൾ നടപ്പാക്കുകയും പൂർത്തികരിക്കുകയും ചെയ്യുന്നതായിരിക്കുമെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**